Civil Services (Main) Examination, 2024

PHKM-U-MLY

മലയാളം / MALAYALAM

പേപ്പർ I / Paper I

(സാഹിത്യം) / (LITERATURE)

സമയം : **മൂന്നു** മണിക്കൂർ
*Time Allowed : **Three** Hours*

പരമാവധി മാർക്ക് : **250**
*Maximum Marks : **250***

ചോദ്യപേപ്പർ പ്രത്യേകനിർദ്ദേശങ്ങൾ

ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുൻപായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :

ആകെ **എട്ടു**ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടുഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ചു**ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ് .

ഒന്നാമത്തെയും അഞ്ചാമത്തെയും ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.

ശേഷിക്കുന്ന ഏതെങ്കിലും **മൂന്നു**ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽനിന്നും കുറഞ്ഞത് **ഒരു**ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോചോദ്യത്തിനും/വിഭാഗത്തിനും ഉള്ള മാർക്കുകൾ അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരങ്ങൾ **മലയാളത്തിൽ (മലയാളംലിപിയിൽ)** തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളൂ. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ടു കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്‌ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

Question Paper Specific Instructions

Please read each of the following instructions carefully before attempting questions :

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Question nos. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** question from each section.*

The number of marks carried by a question/part is indicated against it.

*Answers must be written in **MALAYALAM (Malayalam script)**.*

Word limit in questions, wherever specified, should be adhered to.

Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.

Optional Province · optionalprovince.com

SECTION A

Q1. എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഒരോ ഉത്തരവും നൂറ്റിയമ്പതുവാക്കുകളിൽ കവിയരുത്. *10×5=50*

(a) തമിഴിന്റെ ഉപശാഖയാണ് മലയാളമെന്നു് സ്ഥാപിക്കുന്നതിന് ആസ്പദമായിട്ടുള്ള വാദമുഖങ്ങൾ വിശദീകരിക്കുക. *10*

(b) പാട്ട്, മണിപ്രവാളം എന്നീ രണ്ട് ഭാഷാ രീതികളെ സോദാഹരണം പരിചയപ്പെടുത്തുക. *10*

(c) നാടൻപാട്ടുകളിൽ പ്രകടമായിക്കാണുന്ന വാമൊഴിമലയാളത്തിന്റെ പ്രത്യേകതകൾ ഉദാഹരണ സഹിതം വിവരിക്കുക. *10*

(d) ആട്ടക്കഥകളിലെ സംസ്കൃതഭാഷാബാഹുല്യം മലയാള ഭാഷയുടെ വികാസപരിണാമ പഠനത്തിനു് നല്കുന്ന സൂചനകൾ എന്തെല്ലാം ? *10*

(e) സാഹിത്യഭാഷയും ശാസ്ത്രഭാഷയും തമ്മിലുള്ള വൈജാത്യങ്ങൾ സംഗ്രഹിക്കുക. *10*

Q2. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) ഭാഷാ ചരിത്രത്തിന്റെ ഘട്ടവിഭജനത്തെക്കുറിച്ചുള്ള വ്യത്യസ്ത മതങ്ങൾ നിരൂപണ ദൃഷ്ട്യാ പരിശോധിക്കുക. *20*

(b) 'മലയാളഭാഷയുടെ പ്രാക്തന ഘട്ടത്തെക്കുറിച്ചും പാട്ടു-ഭാഷയെക്കുറിച്ചും അറിവുതരുന്ന ഒരു അമൂല്യഗ്രന്ഥമാണു് രാമചരിതം' – വിശദീകരിക്കുക. *15*

(c) മിഷനറിഗദ്യത്തിന്റെ പ്രത്യേകതകൾ സോദാഹരണം വിശദീകരിക്കുക. *15*

Optional Province · optionalprovince.com

Q3. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) 'ഉണ്ണിയച്ചിചരിത' ത്തിന്റെ ചരിത്രപരവും ഭാഷാപരവുമായ പ്രത്യേകതകളെക്കുറിച്ച് ഉപന്യസിക്കുക. *20*

(b) "വാമൊഴിയെ വരമൊഴിയാക്കുന്നു കാഴ്ച കൃഷ്ണ ഗാഥയിൽ പലദിക്കിലും കാണാവുന്നതാണ്" വിശദീകരിക്കുക. *15*

(c) തുള്ളൽ സാഹിത്യത്തിൽ സമൃദ്ധമായിക്കാണുന്ന വാമൊഴിമലയാളം പതിനെട്ടാം നൂറാണ്ടിലെ മലയാളത്തെ സംബന്ധിച്ചു് നല്കുന്ന അറിവുകളെന്തെല്ലാം ? *15*

Q4. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) 'പുരുഷഭേദനിരാസം', 'അംഗഭംഗം', 'സ്വരസംവരണം' എന്നീ നയങ്ങൾ വിവരിച്ചുദാഹരിക്കുക. *20*

(b) ജ്ഞാനപ്പാനയിലെ ഭാഷ പച്ചമലയാള പ്രസ്ഥാനത്തിന്റെ മുന്നോടിയാണെന്ന് പറയാമോ ? വിശദീകരിക്കുക. *15*

(c) "വ്യാകരണപരമായ തികഞ്ഞ അവ്യവസ്ഥയും അരാജകത്വവും ഭാഷാകൗടലീയ ഭാഷയിൽ ഉടനീളം ദർശിക്കാവുന്നതാണു്" – ഈ അഭിപ്രായത്തെ സോദാഹരണം സമർത്ഥിക്കുക. *15*

Optional Province · optionalprovince.com

SECTION B

Q5. എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഒരോ ഉത്തരവും നൂറ്റിയമ്പതുവാക്കുകളിൽ കവിയരുത്. *10×5=50*

(a) മലയാള നാടകചരിത്രത്തിൽ 'അടുക്കളയിൽ നിന്നു് അരങ്ങത്തേക്കു്' എന്ന നാടകത്തിന്റെ പ്രസക്തി വിശദമാക്കുക. *10*

(b) 'ഉത്തമം', 'ഉത്തമകല്പ', 'അധമം' എന്നീമണിപ്രവാള രീതികളെ ലക്ഷ്യ ലക്ഷണ സമന്വയം ചെയ്യുക. *10*

(c) 'കഥാഗാനങ്ങൾ' എന്നാലെന്ത് ? ചരിത്രകഥാഗാനങ്ങളുടെ സവിശേഷതകൾ എന്തൊക്കെ ? *10*

(d) മലയാളകവിതയിൽ 'സച്ചിദാനന്ദൻ', 'കെ.ജി. ശങ്കരപ്പിള്ള' എന്നിവരുടെ കവിതകളിൽ പ്രകടമാവുന്ന പ്രത്യയ ശാസ്ത്രപരമായ നിലപാടുകൾ ചർച്ചചെയ്യുക. *10*

(e) വെണ്മണിക്കവിതകൾ 'മൂരിശൃംഗാരപ്രധാന' മാണെന്ന അഭിപ്രായത്തെ വിമർശ ദൃഷ്ട്യാ വിലയിരുത്തുക. *10*

Q6. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) മലയാള ക്ലാസിൽ കാവ്യ പാരമ്പര്യത്തിൽ മഹാകാവ്യങ്ങളുടെ സംഭാവനയെന്തെന്നു് വിവരിക്കുക. *20*

(b) ഇന്ദുലേഖയിലെ പതിനെട്ടാം അദ്ധ്യായം മറ്റ് അദ്ധ്യായങ്ങളിൽ നിന്ന് വ്യത്യസ്തമാകുന്നതെങ്ങനെയെന്ന് വിശദീകരിക്കുക. *15*

(c) "സ്വന്തം വേദനകളെയും പാപങ്ങളെയും അന്തരാത്മാവിന്റെ മൂശയിലുരുക്കി സൃഷ്ടിച്ചവയാണ് ചങ്ങമ്പുഴക്കവിത." വിശദീകരിക്കുക. *15*

Optional Province · optionalprovince.com

Q7. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) വള്ളത്തോൾ, ആശാൻ എന്നിവരുടെ കവിതകളിൽ നിന്ന് ഉള്ളൂർക്കവിത വ്യത്യസ്തമാകുന്നതെങ്ങനെ ? നിരൂപണ ദൃഷ്ട്യാ വിശദീകരിക്കുക. *20*

(b) മലയാളത്തിലെ ആത്മകഥാ സാഹിത്യത്തിൽ 'കവിയുടെ കാല്പാടുകൾ' വ്യത്യസ്തമാകുന്നതെങ്ങനെയെന്ന് വിശദീകരിക്കുക. *15*

(c) മലയാളത്തിലെ ചമ്പൂകാവ്യ ചരിത്രത്തിൽ മദ്ധ്യകാലചമ്പുക്കളുടെ സ്ഥാനം വ്യക്തമാക്കുക. *15*

Q8. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) നിരണം കാവ്യങ്ങളിൽനിന്നു് കൃഷ്ണഗാഥയിലേക്കെത്തുമ്പോൾ പാട്ടുപ്രസ്ഥാനത്തിനു് സംഭവിക്കുന്ന പരിണാമങ്ങൾ എന്തെല്ലാം ? *20*

(b) ആധുനികതാ പ്രസ്ഥാനം മലയാള കവിതയുടെ ആസ്വാദനക്ഷമതയിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം ? *15*

(c) മലയാള നിരൂപണത്തിൽ എം.എൻ. വിജയൻ, ഡോ. എം. ലീലാവതി എന്നിവരുടെ സമീപനരീതികൾ താരതമ്യം ചെയ്യുക. *15*

Optional Province · optionalprovince.com